# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.849** **10.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗക്കാരായ വിദ്യാർത്ഥികൾക്കുള്ള പഠന ആനുകൂല്യങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (എ) | നൽകുന്നുണ്ട്. കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന രണ്ടു തരത്തിലുള്ള സ്കോളർഷിപ്പ് നൽകി വരുന്നു.<br>I. കേരള സംസ്ഥാന ഗവൺമെന്റ് (ഇ-ഗ്രാന്റ്സ്) സ്കോളർഷിപ്പ്<br>II. ഇന്ത്യാ ഗവൺമെന്റിന്റെ സ്കോളർഷിപ്പ് (Post metric Scholarship)<br>02.07.2009-ലെ-സ.ഉ(അച്ചടി) നം.50/2009/പജപവവിവ, 15.12.18-ലെ സ.ഉ.(എം.എസ്) നം.96/2018/പജപവവിവ എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേരളത്തിൽ നിലവിലില്ലാത്ത കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്ന പ്രൊഫഷണൽ കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്കും, കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവിടങ്ങളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്നവർക്കും വരുമാനപരിധിയില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കും.<br>ആനുകൂല്യത്തിനായുള്ള അപേക്ഷ കോഴ്സിനു ചേർന്ന് മൂന്നു മാസത്തിനകം സ്ഥാപന മേധാവി വഴി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ/പ്രോജക്റ്റ് ആഫീസർ-ക്ക് സമർപ്പിക്കണം.<br>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ<br>1. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | 2. രക്ഷകർത്താവിന്റെ പേരിലുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്.<br>3. വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.<br>4. സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചത് ഏത് അടിസ്ഥാനത്തിലാണ് എന്നു കാണിക്കുന്നതിന് ബന്ധപ്പെട്ട അതോറിറ്റി നൽകിയ അലോട്ട്മെന്റ് ലെറ്റർ/സ്കോർ കാർഡിന്റെ പകർപ്പ്.<br>5. സർക്കാർ/യൂണിവേഴ്സിറ്റി/അംഗീകൃത അധികാര സ്ഥാപനം നിശ്ചയിച്ച കോഴ്സ് ഫീസ് കാണിക്കുന്ന രേഖ.<br>6. പഠിക്കുന്ന സ്ഥാപനം ഏത് വിഭാഗത്തിൽപ്പെടുന്നു എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് (ഗവ./ഗവ. എയ്ഡഡ്).<br>7. ഇതേ പഠനാവശ്യത്തിന് മറ്റ് ഏതെങ്കിലും സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ല എന്ന് സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്.<br>8. എസ്.എസ്.എൽ.സി മുതലുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ്.<br>അപേക്ഷകളിൽ അർഹത പരിശോധിച്ച് ജില്ലാതലത്തിൽ ആനുകൂല്യം അനുവദിച്ച് തുക വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നു.<br>കേരള ഗവൺമെന്റ് പദ്ധതിയായ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയില്ലാത്ത, കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖപ്രകാരം ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകി വരുന്നു. അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രൊജക്ട് ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**